"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്- ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതിയും ക്രയാനുമതിയും നൽകി ഉത്തവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1969/2026/H&FWD തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-

1. 11.07.2025 തീയതിയിലെ സ.ഉ.(സാധാ)നം.1908/2025/ആകുവ നമ്പർ സർക്കാർ ഉത്തരവ്.
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 30.04.2026 തീയതിയിലെ പി.എ3/1793/2026/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഒഫ്ത്താൽമോളജി വിഭാഗത്തിലേക്ക് "Advanced Multi Model Retinal Imaging System with facilities to do FFA and ICG" എന്ന ഉപകരണം വാങ്ങുവാനായി 2025-26 സാമ്പത്തിക വർഷം "2210-05-105-53-19(M&E) Plan" എന്ന ശീർഷകത്തിൽ നിന്നും ₹1,15,00,000/- രൂപയുടെ ഭരണാനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ, നിലവിൽ NMC മാർഗ നിർദേശങ്ങൾ പ്രകാരം മേൽ ഉപകരണം നിർബന്ധമല്ലായെന്നും, ആശുപത്രിയിൽ പരിശീലനത്തിനായി കാത്തിരിക്കുന്ന ഒഫ്ത്താൽമോളജി ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കും അർഹരായ മറ്റ് രോഗികൾക്കുമായി **"ഓപ്പറേറ്റിങ് മൈക്രോസ്കോപ്പ്"** എന്ന ഉപകരണമാണ് നിലവിൽ അത്യന്താപേക്ഷിതമെന്നും, ആയതിനാൽ, മേൽ ഉത്തരവ് പ്രകാരം "Advanced Multi Model Retinal Imaging System with facilities to do FFA and ICG" എന്ന ഉപകരണം വാങ്ങുവാനായി 2025-26 സാമ്പത്തിക വർഷം "2210-05-105-53-19 (M&E) Plan" എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയ ₹1,15,00,000/- രൂപ ഉപയോഗിച്ച് **"ഓപ്പറേറ്റിങ് മൈക്രോസ്കോപ്പ്"** എന്ന ഉപകരണം വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതിയും ക്രയാനുമതിയും നൽകണമെന്നും കൂടാതെ ടി ഉപകരണം വാങ്ങുന്നതിനായി

വേണ്ടിവരുന്ന ബാക്കി തുകയായ ₹2,14,339/-രൂപ ആശുപത്രിയുടെ കാസ്പ് ഫണ്ടിൽ നിന്നും അനുവദിച്ച നൽകിയതായും പരാമർശം (2) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അഭ്യർ ത്ഥന പ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഒഫ്ത്താൽമോളജി വിഭാഗത്തിലേക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം (ഉത്തരവിലെ ഇനം നം. 17 പ്രകാരം) **"Advanced Multi Model Retinal Imaging System with facilities to do FFA and ICG"** എന്ന ഉപകരണം വാങ്ങുവാനായി 2025-26 സാമ്പത്തിക വർഷം "2210-05-105-53-19 (M&E) Plan" എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയ ₹1,15,00,000/- രൂപ ഉപയോഗിച്ച് ടി ഉപകരണത്തിന് പകരം **"ഓപ്പറേറ്റിങ് മൈക്രോസ്കോപ്പ്"** എന്ന ഉപകരണം വാങ്ങുന്നതിനായി പുതുക്കിയ ഭരണാനുമതിയും ക്രയാനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ് ( ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (HEALTH-P2/52/2026-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
സെക്ഷൻ ഓഫീസർ
Date: 09-06-2026 11:17:43